"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - തൃക്കാക്കര നിയോജകമണ്ഡലം - പനമ്പിള്ളി നഗറിലെ ടി.പി.കനാലിനു കുറുകെ പാലം നിർമ്മാണം - ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.2162/2020/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 18/11/2020

---

പരാമർശം:- (1) സ.ഉ.(സാധാ) നം.1477/2015/തസ്വഭവ തീയതി 16.05.2015.

(2) സ.ഉ.(സാധാ) നം.8721/2019/ധന. തീയതി 05.11.2019.

(3) സ.ഉ.(സാധാ) നം.96/2020/തസ്വഭവ തീയതി 11.01.2020.

(4) ജി.ഒ.(ആർ.ടി) നം.4275/2020/ഫിൻ തീയതി 22.07.2020.

(5) 03.08.2020-ൽ ശ്രീ.പി.ടി.തോമസ് എം.എൽ.എ. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ കത്ത്.

<u>ഉത്തരവ്</u>

തൃക്കാക്കര നിയോജക മണ്ഡലത്തിൽ ടി.പി.കനാലിനു കുറുകെ പനമ്പിള്ളി നഗറിനെയും ഗിരിനഗറിനെയും ബന്ധിപ്പിക്കുന്ന ഒരു പാലം നിർമ്മിക്കുന്നതിനു തൃക്കാക്കര നിയോജക മൺഡലത്തിലെ മുൻ എം.എൽ.എ. ആയിരുന്ന ശ്രീ.ബെന്നി ബെഹന്നാന്റെ 2015-2016-ലെ മണ്ഡലം ആസ്തി വികന ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ചുകൊണ്ട് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. സാങ്കേതിക കാരണങ്ങളാൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തി നീണ്ടു പോയതിനെ തുടർന്ന് പുതിയ എസ്റ്റിമേറ്റ് പ്രകാരം പാലം നിർമ്മിക്കുന്നതിന് ഒരു കോടി ഇരുപതു ലക്ഷം രൂപ ആവശ്യമായതിനാൽ, 2015-16 സാമ്പത്തിക വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപയും തൃക്കാക്കര നിയോജകമണ്ഡലം നിലവിലെ എം.എൽ.എ. ശ്രീ.പി.ടി.തോമസ് അവർകളുടെ 2019-2020-ലെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നുള്ള ഇരുപതു ലക്ഷം രൂപയും സംയുക്തമായി ചെലവഴിച്ച ടി.പി.കനാലിനു കുറുകെ പാലം നിർമ്മിക്കുന്നതിന് പരാമർശം (2)-ലെ ഉത്തരവ് പ്രകാരം പ്രത്യേകാനുമതിയും പരാമർശം (3) പ്രകാരം പുതുക്കിയ ഭരണാനുമതി ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

3. എന്നാൽ സാങ്കേതികവും നിയമപരവുമായ കാരണങ്ങളാൽ പ്രവൃത്തി തുടങ്ങുന്നതിനു സാധിക്കാത്തതിനാൽ മേൽ ഉത്തരവുകൾ റദ്ദ് ചെയ്ത് പ്രസ്തുത തുക തൃക്കാക്കര നിയോജക മണ്ഡലത്തിലെ കാക്കനാട് പ്രൈമറി ഹെൽത്ത് സെന്ററിനു കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അതിന്റെ

അനുബന്ധ പ്രവൃത്തികൾക്കുമായി വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകണമെന്ന് തൃക്കാക്കര നിയോജകമണ്ഡലം എം.എൽ.എ. ശ്രീ.പി.റ്റി.തോമസ് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

4. പരാമർശം (4)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ടി.പി.കനാലിനു കുറുകെ പാലം നിർമ്മാണത്തിനായി പരാമർശം (1), (3) എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ റദ്ദ് ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ശ്രീ.പി.റ്റി.തോമസ് എം.എൽ.എ. പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ടി.പി.കനാലിനു കുറുകെ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പരാമർശം (1), (3) എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഭരണാനുമതി ഉത്തരവുകൾ റദ്ദ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ.പി.റ്റി.തോമസ് എം.എൽ.എ. (തൃക്കാക്കര) (ആമുഖ കത്ത് സഹിതം).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.എസ്.എസ്.എ) / (ഇ.ആർ.എസ്.എ.), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
ധനകാര്യ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
S. Bindu
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.